# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം -695033

നമ്പർ-ബി1/33870/2020/സം.തി.ക        തീയതി-13.12.2020

വിഷയം: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- പൊതുതിരഞ്ഞെടുപ്പ് 2020 വോട്ടെണ്ണലുമായി ബന്ധപ്പെട്ട അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: കമ്മീഷന്റെ 06.12.2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

## സർക്കുലർ

തദ്ദേശതിരഞ്ഞെടുപ്പിലെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് സൂചന പ്രകാരം കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അവ സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വോട്ടെണ്ണലിന്റെ തലേദിവസം വോട്ടെണ്ണൽ കേന്ദ്രങ്ങൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അണുവിമുക്തമാക്കണം.

2. വോട്ടെണ്ണൽ ദിവസം ഹാളിനകത്തും പുറത്തും യാതൊരു വിധത്തിലും ആൾക്കൂട്ടം ഉണ്ടാകാൻ പാടില്ലാത്തതാണ്. ഇത് സംബന്ധിച്ച് വോട്ടെണ്ണലിന് തടസ്സമുണ്ടാക്കാത്ത വിധം ഉച്ചഭാഷിണിയിലൂടെ ബോധവത്കരണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കണം

3. കോവിഡ് പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പേറേഷൻ എന്നിവ സംബന്ധിച്ച് സ്ഥാനാർത്ഥികൾക്ക് അവരുടെ തിരഞ്ഞെടുപ്പ് ഏജന്റിന് പുറമെ ഒരു കൗണ്ടിംഗ് ഏജന്റിനെ മാത്രം വോട്ടെണ്ണലിന് ചുമതലപ്പെടുത്താവുന്നതാണ്.

4. കൗണ്ടിംഗ് ഏജന്റുമാർ കോവിഡ് പശ്ചാത്തലത്തിൽ കർശനമായി സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും, മാസ്ക്, സാനിറ്റെസർ എന്നിവ ഉപയോഗിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കണം.

5. കൗണ്ടിംഗ് ഉദ്യോഗസ്ഥർ മാസ്ക്, സാനിറ്റെസർ, ഗ്ലൗസ്, ഫെയ്സ് ഷീൽഡ് എന്നിവ നിർബന്ധമായും ഉപയോഗിക്കണം.

6. ഓരോ തലത്തിലും ലഭിക്കുന്ന മറ്റ് തലങ്ങളിലെ പോസ്റ്റൽ ബാലറ്റുകൾ വോട്ടെണ്ണൽ ദിവസം രാവിലെ 8 മണിയ്ക്ക് മുൻപ് തന്നെ അതാത് വരണാധികാരികൾക്ക് ലഭ്യമാക്കുന്നതിന് ഓരോ വരണാധികാരികളും പ്രത്യേക മെസഞ്ചർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്ക് വരണാധികാരികൾ പോസ്റ്റൽ ബാലറ്റും സത്യ പ്രസ്താവനയും അടങ്ങിയ ഫാറം 19, ഫാറം 19 ഇ എന്നീ വലിയ കവറുകളിലെ മേൽവിലാസം മുൻകൂറായി പരിശോധിക്കണം. ഓരോ തലത്തിലെയും പോസ്റ്റൽ ബാലറ്റുകൾ വരണാധികാരികൾ മാത്രമേ തുറക്കാൻ പാടുള്ളൂ.

7. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ഓരോ തലത്തിലെയും സാധാരണ പോസ്റ്റൽ ബാലറ്റുകളും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകളും അതാത് വരണാധികാരികൾ വേണം എണ്ണേണ്ടത്. മുനിസിപ്പാലിറ്റി കോർപ്പറേഷനുകളെ സംബന്ധിച്ച് ചുമതലപ്പെടുത്തിയിട്ടുള്ള വാർഡുകളിലെ പോസ്റ്റൽ ബാലറ്റുകളാണ് അത്തരത്തിൽ ഓരോ വരണാധികാരിയും എണ്ണേണ്ടത്.

9. ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിലെ വോട്ടെണ്ണൽ കേന്ദ്രത്തിൽ പ്രത്യേക കൗണ്ടിംഗ് ഹാൾ സജ്ജമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളിലെ മുഴുവൻ പോസ്റ്റൽ ബാലറ്റുകളും ജില്ലാ പഞ്ചായത്ത് വരണാധികാരിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ വേണം എണ്ണേണ്ടത്. വരണാധികാരിയുടെ നേതൃത്വത്തിൽ ആവശ്യമെങ്കിൽ ഒന്നിലധികം ടേബിളുകൾ ഇതിനായി സജ്ജമാക്കാവുന്നതാണ്.

10. പോസ്റ്റൽ വോട്ടുകൾ എണ്ണുന്നതിന് മുൻപ് പോസ്റ്റൽ ബാലറ്റ് അടങ്ങിയ ചെറിയ കവറിനോടൊപ്പം സാക്ഷ്യപ്പെടുത്തിയ ഫാറം 16 സി –ലെ സത്യപ്രസ്താവനയുണ്ടോയെന്ന് പരിശോധിക്കണം.

11. തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങൾ ചട്ടം 50 ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും എണ്ണലും ചട്ടം 51 വോട്ടുകൾ വീണ്ടും സംബന്ധിച്ച് വ്യവസ്ഥകൾ തപാൽ ബാലറ്റ് പേപ്പറുകളുടെ കാര്യത്തിലും ബാധകമായിരിക്കുന്നതാണ്. ചട്ടം 50 (സി) ഖണ്ഡത്തിൽ സത്യപ്രസ്താവന യഥാവിധി സാക്ഷ്യപ്പെടുത്തുന്നതിന് മറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥൻമാർക്ക് പുറമെ, മെഡിക്കൽ ഓഫീസറേയും പ്രത്യേക പോളിംഗ് ഓഫീസറെയും അധികാരപ്പെടുത്തിയിട്ടുള്ളതാണ്.

12. ഫാറം 18 - ലെ ചെറിയ കവറിനു പകരം ഫാറം 19 ഡി യിലെ ചെറിയ കവറിൽ സ്പെഷ്യൽ ബാലറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലോ ഫാറം 19 ലെ വലിയ കവറിനുപകരം ഫാറം 19-ഇ യിലെ വലിയ കവർ (ചെറിയ കവറും സത്യപ്രസ്താവനയും അടക്കം ചെയ്യുന്നതിന്) ഉപയോഗിച്ചിട്ടുണ്ടെങ്കിലോ ബാലറ്റ് പേപ്പർ തള്ളിക്കളയാൻ പാടില്ലാത്തതാണ്.

13. വോട്ടെണ്ണൽ ആരംഭിച്ചതിന് ശേഷം വരണാധികാരികൾക്ക് ലഭിക്കുന്ന കവറുകൾ ഒരു കാരണവശാലും തുറക്കാൻ പാടില്ല. അവയ്ക്ക് പുറത്ത് സ്വീകരിച്ച സമയം രേഖപ്പെടുത്തി മറ്റ് രേഖകൾക്കൊപ്പം സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കണം.

14. വിജയിക്കുന്ന സ്ഥാനാർത്ഥികൾ നടത്തുന്ന ആഹ്ലാദ പ്രകടനങ്ങൾ കർശനമായ പ്രോട്ടോക്കോൾ പാലിച്ചാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്

എല്ലാ നോഡൽ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ, പി.ആർ.ഒ
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ